Mr. P. Kumaran Ezhuthassan *(Vadakkancheri):* I am sorry that a correction is necessary. The reference is with regard to the total and here also it is the same. So you see the difference. It is stated here in the Diwan's speech that the General Election, was preceded by a revision of electoral rolls, at which rather more than a lakh and 40,000 voters were registered.

Mr. President: Yes. But the Hon'ble Member's question relates only to General Constituencies—see sub-division (a)

Mr. B. V. K. Menon *(Secretary to Government):* The question is what is the number of electors in all the General Constituencies.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I am sorry.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനുമുമ്പ് എപ്പോഴെങ്കിലും ഇത്രയും പെറ്റി ഷൻസു കിട്ടീട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇത്രയും കിട്ടീട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇത്രയും പെറ്റീഷൻസു ഇതിനുമുമ്പു കിട്ടീട്ടില്ലെന്നു നിശ്ചയമുണ്ടോ?

മിസ്റ്റർ ബി. വി കെ. മേനോൻ: ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഇത്രയും പെറ്റീഷൻസു ഉണ്ടാകുവാനുള്ള കാരണ മെന്താണെന്നു പറയാമോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനുള്ള കാരണം നാണയവർദ്ധനയാണെന്നു റിയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതുകൊണ്ടുമായിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വോട്ടേഴ്സ് ലിസ്റ്റു തയ്യാറാക്കിയതിൽ മരിച്ചവ രുടെ പേരുകളും ഉൾപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉൾപ്പെട്ടമായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇങ്ങിനെ ഇലക്ഷൻ പെറ്റീഷൻസ് അധികമാകു വാൻ അതൊരു കാരണമാണെന്നു ഗവർമെണ്ടിനു തോന്നിട്ടുണ്ടോ?

മിസ്റ്റർ ബി. വി കെ. മേനോൻ: പെറ്റീഷൻ കൊടുത്തിട്ടുള്ളതുതന്നെ വല്ല ഗുണവും ഉണ്ടാകുമെന്നു വിചാരിച്ചാണ്.

46. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനു പഴയന്നൂർ നിയോജകമണ്ഡലത്തിൽ എത്ര സ്റ്റേറ കാറുകൾ ഓടിയിരുന്നു?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഒരു സ്റ്റേറ കാർ മാത്രമേ ഓടിക്കൊണ്ടിരുന്നുള്ളൂ. ആയതു തലപ്പിള്ളി താസിൽദാരുടെ ഉപയോഗത്തിനു അയച്ചുകൊടുത്ത (കാഡിലാക്) കാർ ആയിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരാണു് ഇതിന്റെ കണക്കെടുത്തതെന്നു പറയു വാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇതിനെപ്പറ്റി അന്വേഷിച്ചതിൽ ഒരു സ്റ്റേറ കാർ മാത്രമേ ഓടിക്കൊണ്ടിരുന്നുള്ളുവെന്ന വിവരം കിട്ടീട്ടുണ്ടു്.

മിസ്റ്റർ കെ.എസ്സ്. പണിക്കർ: വേറെ ഏതെങ്കിലും സ്റ്റേറകാർ അവിടെ ഓടിയി രുന്നുവോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൃഷിഡയറക്ടരുടെ കാർ എലക്ഷൻകാലത്തു് അ വിടെ ഓടിയിരുന്നുവോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നിശ്ചയമില്ല.

47. മിസ്റ്റർഎം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ദയവായി ഗവർമ്മെ ണ്ടു് മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly